17
2024
ഒക്ടോബർ
വ്യാഴം
തുലാം 1

NAUTICAL TIMES
KERALA
The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.287 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-287 | പേജ് 4. വില 2.00 രൂപ




02 ഹിന്ദി ഭാഷാ പഠനത്തിന് ഇക്യൂബ് ലാംഗ്വേജ് ലാബ് സഹായകമാകും : മന്ത്രി വി ശിവൻകുട്ടി

03 കേന്ദ്രസർക്കാർ ജീവനക്കാർക്ക് ദീപാവലി സമ്മാനം; ഡിഎ മൂന്ന് ശതമാനം വർധിപ്പിച്ചു

04 മികച്ച ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 21 ശതമാനവും കേരളത്തിൽ : മന്ത്രി

# വിഴിഞ്ഞം ഡിസംബറിൽ കമ്മിഷൻ ചെയ്യും



തിരുവനന്തപുരം : വിഴിഞ്ഞത്തു ട്രയൽ റൺ ആരംഭിച്ചതിനു ശേഷം കൂറ്റൻ മദർഷിപ്പുകളുൾപ്പടെ ഇരുപത്തിയൊൻപതു കപ്പലുകൾ തുറമുഖത്തെത്തിയെന്നു നിയമസഭയിൽ മുഖ്യമന്ത്രിക്കുവേണ്ടി തുറമുഖവകുപ്പുമന്ത്രി വിഎൻ വാസവൻ മറുപടി നൽകി.വിഴിഞ്ഞം രണ്ടാംഘട്ടത്തിനായി അടിസ്ഥാനസൗകര്യവികസനം ത്വരിതപ്പെടുത്തേണ്ടുന്ന ആവിശ്യകതയെ മുൻ നിർത്തി ഐബി സതീഷ് എംഎൽഏയുടെ ശ്രദ്ധക്ഷണിക്കലിനു മറുപടി നൽകുകയായിരുന്നു മന്ത്രി.ഇതുവരെ 68000 കണ്ടെയ്നറുകൾ തുറമുഖത്ത് എത്തിക്കുവാനായി.ആദ്യഘട്ടം ഡിസംബറിൽ കമ്മിഷൻ ചെയ്യാനാവുമെന്നും മന്ത്രി സഭയെ അറിയിച്ചു. രണ്ടാം ഘട്ടം പതിനായിരം കോടിയുടെ നിക്ഷേപമാണ് ഉദ്ദേശിക്കുന്നതെന്നും മന്ത്രി പറഞ്ഞു.കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റിലൂടെ സർക്കാരിനു ലഭിക്കേണ്ട റവന്യു ഷെയറിംഗ് അനുപാതം പൂർത്തിയാക്കിയെന്നും മന്ത്രി വാസവൻ സഭയിൽ പറഞ്ഞു.

എന്നാൽ വിഴിഞ്ഞം തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിൽ പ്രത്യേക സമിതിയെ വെച്ചു പഠനം നടത്തണമെന്നും കോവളം എംഎൽഏ എം വിൻസെന്റ് സബ്മിഷൻ അവതരിപ്പിച്ചു കൊണ്ടു പറഞ്ഞു.

സമിതിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ വിഴിഞ്ഞത്തിനായി പ്രത്യേക പാക്കേജും പ്രഖ്യാപിക്കണമെന്നു വിൻസെന്റ് ആവിശ്യപ്പെട്ടു.വിഴിഞ്ഞത്തിനു മാത്രമായി കുടിവെള്ള പദ്ധതി,നിലവാരമുള്ള റോഡുകൾ,വിഴിഞ്ഞത്തേക്കു മെട്രോ സംവിധാനം.വിഴിഞ്ഞം പൊലീസ് സ്റ്റേഷൻ ഉയർത്തി അസിസ്റ്റന്റ് പൊലീസ് കമ്മിഷണർ ഓഫിസ് തലത്തിലേക്കു മാറ്റുക,പുറമെ വിഴിഞ്ഞത്തിനായി പ്രത്യേക കോടതി,ലേബർ ഓഫിസ് തുടങ്ങിയവ നടപ്പിലാക്കണമെന്നും സബ്മിഷനിലൂടെ എം.വിൻസെന്റ് ആവിശ്യപ്പെട്ടു.



# തോട്ടപ്പള്ളിയിൽ കടൽ ഉൾവലിഞ്ഞ് ചെളിയായി

ആലപ്പുഴ : തോട്ടപ്പള്ളി സ്പിൽവേ പൊഴിമുഖത്തിന് സമീപം കടൽ ഉൾവലിഞ്ഞു. വൈകിട്ട് 6ന് ശേഷമാണ് കടൽ ഉൾവലിയുന്ന പ്രതിഭാസം ഉണ്ടായത്. നേരത്തെ കടൽ ഉണ്ടായിരുന്ന ഭാഗം ചെളിയായി മാറി. കടൽ ഉൾവലിഞ്ഞതിനെ തുടർന്ന് പ്രദേശവാസികൾ വിവരം ജില്ലാ ഭരണകൂടത്തെ അറിയിച്ചു. എന്താണ് ഇതിനു കാരണമെന്ന് വ്യക്തമല്ല.

തോട്ടപ്പള്ളിയിൽനിന്ന് 500 മീറ്റർ തെക്കുമാറി പല്ലന തീരത്ത് കടൽക്ഷോഭവുമുണ്ടായി.

# കടൽക്ഷോഭം അതിരൂക്ഷം



തിരുവനന്തപുരം: സംസ്ഥാനത്ത് കടൽക്ഷോഭം അതിരൂക്ഷമാകുന്നതായി റിപ്പോർട്ടുകൾ. തീരപ്രദേശങ്ങളിൽ നിരവധി വീടുകളിൽ വെള്ളം കയറിയതായി വിവരം. പലയിടത്ത് നിന്നും ജനങ്ങൾ ഇപ്പോൾ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുകയാണ്.

കന്യാകുമാരി ജില്ലയിലെ നീരോടി മുതൽ ആറോക്കിയപുരം വരെയുള്ള തീരങ്ങളിലും തിരുവനന്തപുരം ജില്ലയിൽ കാപ്പിൽ മുതൽ പൂവാർ വരെയും കൊല്ലം ആലപ്പാട് മുതൽ ഇടവ വരെയും ആലപ്പുഴ ചെല്ലാനം മുതൽ അഴീക്കൽ ജെട്ടി വരെയും എറണാകുളം മുനമ്പം മുതൽ മറുവക്കാട് വരെയും തൃശൂർ ആറ്റുപുറം മുതൽ കൊടുങ്ങല്ലൂർ വരെയും മലപ്പുറം കടലുണ്ടി നഗരം മുതൽ പാലപ്പെട്ടി വരെയും കോഴിക്കോട് ചോമ്പാല മുതൽ രാമനാട്ടുകര വരെയും കണ്ണൂർ വളപട്ടണം മുതൽ ന്യൂമാഹി വരെയും കാസറകോട് കുഞ്ചത്തൂർ മുതൽ കോട്ടക്കുന്ന് വരെയുമുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ പ്രത്യേക ജാഗ്രത പാലിക്കണമെന്നും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി.

ബുധനാഴ് രാത്രി 11.30 വരെ കള്ളക്കടൽ പ്രതിഭാസം നിലനിൽക്കാൻ സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും അതീവ ജാഗ്രത പാലിക്കേണ്ടതാണെന്നും നിർദേശമുണ്ട്. കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണമെന്നും ചെറിയ വള്ളങ്ങളും ബോട്ടുകളും കടലിലേക്ക് ഇറക്കുന്നത് ഈ സമയത്ത് ഒഴിവാക്കണമെന്നും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം നിർദേശിച്ചു.

കൊല്ലത്തും കണ്ണൂരിലും ആലപ്പുഴയിലും തീരമേഖലയിൽ ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്. അതുപോലെ ബീച്ചുകളിൽ സന്ദർശകർക്ക് നിയന്ത്രണം ഏർപ്പെടുത്തി. സംസ്ഥാനത്ത് പരക്കെ മഴയ്ക്ക് സാധ്യത ഉണ്ടെന്നാണ് മുന്നറിയിപ്പ്.

തീരദേശങ്ങളിൽ കള്ളക്കട ൽ പ്രതിഭാസത്തെ തുടർന്ന് ശക്തമായ കടലാക്രമണം. പൊഴിയൂർ, പൂന്തുറ എന്നിവിടങ്ങളിൽ നിരവധി വീടുകളിലേക്ക് കടൽ കയറി. പൊഴിയൂരിൽ കഴിഞ്ഞ ദിവസം രാത്രി മുതൽ തന്നെ വേലിയേറ്റം രൂക്ഷമായിരുന്നു. നിരവധി വീടുകളിൽ വെള്ളം കയറി. വീട്ടുകാർ ചെറിയ കുട്ടികളു മായി ബന്ധുവീടുകളിൽ മാറിതാമസിക്കുകയാണ്. വലിയ ശബ്ദത്തോടെ തിരയടിയുണ്ടായതെന്നും തുടർന്നാണ് വീട്ടിനുള്ളിൽ വെള്ളം കയറിയതെന്നും പ്രദേശവാസികൾ പറയു ന്നു കരയിലുണ്ടായിരുന മത്സ്യതൊഴിലാളികളുടെ വള്ളങ്ങൾ രാവിലെ മാറ്റി തുടങ്ങി. ഷെഡ്ഡുകൾ പലതു വെള്ളത്തിൽ ഒലിച്ചു പോയി. പരുത്തിയൂ ർ മുതൽ തെക്കെ കൊല്ലങ്കോട് വരെയുള്ള തീരദേശ വീടുകളിലാണ് വെള്ളം കയറിയത്. പൊഴിയൂർ കൊല്ലങ്കോട് മേഖലകളിലെ തീര പ്രദേശത്ത് കടലേറ്റം ദുരിതപ്പെയ്ത്തായിരിയ്ക്കുകയാണ്. കൊല്ലങ്കോട് മുതൽ അതിർത്തി പ്രദേശത്ത് വർഷങ്ങൾക്ക് മുമ്പ് തന്നെ തമിഴ്നാട് സർക്കാർ പുലിമുട്ട് സ്ഥാപിച്ചതോടെ കേരള തീരം കടലെടുത്ത് തുടങ്ങിയതായി മത്സ്യത്തൊഴിലാളികൾ പറയുന്നു. പൂന്തുറയിലും ഇന്ന് ഉച്ചയോടെ കള്ളക്കട ൽ പ്രതിഭാസം ശക്തമാകു കയും കടൽക്ഷോഭം രൂക്ഷമാകുകയുമാണ്. വലിയതോതിലുള്ള തിരമാല തീരത്തേക്ക് ആഞ്ഞടിക്കുമെന്നാണ് മുന്നറിയിപ്പുള്ളത്. അതുകൊണ്ട് ആളുകൾ മറ്റിടങ്ങളിലേക്ക് മാറി താമസിക്കാൻ ശ്രമം തുടങ്ങി.പുലർച്ചെ മൂന്നരയോടെയാണ് കടൽക്ഷോഭം രൂക്ഷമായത്. വീടുകളിലേക്ക് പ്രളയം പോലെ കടൽജലം ഇരച്ചുകയറുകയായിരുന്നു.

ഇന്നലെ ഉച്ചമുതൽ കള്ളക്കടൽ പ്രതിഭാസ വുമായി ബന്ധപ്പെട്ട് റെഡ് അലർട്ട് പ്രഖ്യാപിച്ചിരുന്ന താണ്.ചിത്രം.കടലാക്രമണത്തെ തുടർന്ന് ഷെഡ്ഡുകൾ പലതും വെള്ളത്തിൽ ഒലിച്ചുപോയി പരുത്തിയൂ ർ മുതൽ തെക്കെ കൊല്ലങ്കോട് വരെയുള്ള തീരദേശ വീടുകളിൽ വെള്ളം കയറിയ നിലയിൽ.

# സംസ്ഥാന തീരദേശ പരിപാലന പ്ലാനിന് അംഗീകാരം

സംസ്ഥാനത്തെ കടൽ, കായൽ തീരങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണ പരിധിയിൽ ഇളവുകൾ ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച തീരദേശ പരിപാലന പ്ലാനിന് കേന്ദ്രസർക്കാർ അംഗീകാരം നൽകി.

കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയമാണ് അനുമതി നൽകിയത്. സംസ്ഥാനത്തെ പത്ത് തീരദേശ ജില്ലകളിലെ പത്തുലക്ഷത്തോളം ജനങ്ങൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ തീരമേഖലയ്ക്കാണ് ഇതിന്റെ ഗുണഫലം.

നിർമ്മാണ പ്രവർത്തനങ്ങൾക്ക് കടുത്ത നിയന്ത്രണമുണ്ടായിരുന്ന 66 പഞ്ചായത്തുകളിൽ ഇളവ് നേടിയെടുക്കാൻ ഇതിലൂടെ കഴിഞ്ഞിരിക്കുകയാണ്. ഇതുകൂടാതെ നഗരസ്വഭാവമുള്ള 109 പഞ്ചായത്തുകൾക്ക് കൂടി ഈ ആനുകൂല്യം ലഭ്യമാക്കണമെന്ന് കേരളം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

തീരദേശപരിപാലന നിയമത്തിൽ കൂടുതൽ ഇളവ് അനുവദിക്കുന്നതിനുള്ള വിജ്ഞാപനം 2019ൽ കേന്ദ്രസർക്കാർ പുറപ്പെടു വിച്ചിരുന്നു. ഈ ഇളവുകൾ പൂർണ്ണമായും സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനെക്കുറിച്ച് വിശദമായി പഠിക്കാൻ മൂന്നംഗ വിദഗ്ധ സമിതിയെ നിയോഗിച്ചു. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരുമായി നിരന്തരമായി വിശദമായ ചർച്ചകൾ നടത്തിയാണ് കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കിയത്.

കരട് പ്ലാനിന്റെ ആനുകൂല്യം പൂർണ്ണമായി ലഭിക്കുവാൻ 10 തീരദേശ ജില്ലകളിൽ പൊതുജനാഭിപ്രായം കൂടി തേടിയിരുന്നു. ഇതിൽ ലഭിച്ച 33,000ത്തോളം പരാതികളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് കരട് പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് ചെന്നൈയിലെ നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിന് (NCSCM) കൈമാറിയിരുന്നു. പ്രസ്തുത സ്ഥാപനം നിർദ്ദേശിച്ച ഭേദഗതികൾ കൂടി ഉൾപ്പെടുത്തിയ കരട് തീരദേശ പരിപാലന പ്ലാൻ മന്ത്രിസഭയുടെ അംഗീകാരത്തോടെയാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചത്. പഞ്ചായത്തുകളുടെ സോൺ മാറ്റം ഉൾപ്പെടെ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ മിക്കതും അംഗീകരിപ്പിക്കാൻ കഴിഞ്ഞുവെന്നത് പ്രധാന നേട്ടമാണ്.

തീരദേശപരിപാലന നിയമ പ്രകാരം ഏറ്റവും കുറവ് നിയന്ത്രണങ്ങളുള്ള മേഖലയാണ് CRZ II . കേന്ദ്രം, മുൻസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പരിധിയിൽ വരുന്ന സ്ഥലങ്ങളെയാണ് CRZ II ൽ ഉൾപ്പെടുത്തുന്നത്. എന്നാൽ രാജ്യത്തിന്റെ മറ്റു തീരദേശ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ജനസാന്ദ്രതയുടെ കാര്യത്തിലും അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിലും സംസ്ഥാനത്തെ തീരദേശ മേഖലയോട് ചേർന്ന് കിടക്കുന്ന ഏറെക്കുറെ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസ്വഭാവമുള്ളവയാണ്. പഞ്ചായത്തുകളെ CRZ III A ഉൾപ്പെടുത്താത്ത സാഹചര്യമുണ്ടായാൽ അത് സംസ്ഥാനത്തിന് വളരെയധികം ദോഷമുണ്ടാക്കുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 175 പഞ്ചായത്തുകളെ L-e-g-a-l-ly D-e-si-gn-a-te-d Ur-b-an Ar-e-a-l-fm-bn വിജ്ഞാപനം ചെയ്യുകയും ഇഞദ കക ഗണത്തിൽപ്പെടുത്തണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

സംസ്ഥാന സർക്കാരിന്റെ നിലപാടിനുള്ള അംഗീകാരമായി 2011 സെൻസസിന്റെ അടിസ്ഥാനത്തിൽ നഗരസ്വഭാവമുണ്ടെന്ന് കണ്ടെത്തിയ 66 തീരദേശ പഞ്ചായത്തുകളെ 2019ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരം കടുത്ത നിയന്ത്രണമുണ്ടായിരുന്ന സോൺ I-I-Iൽ നിന്നും സോൺI-I ലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഒരു ചതുരശ്ര കിലോമീറ്ററിൽ 2161 പേരോ അതിൽ കൂടുതലോ ജന സാന്ദ്രതയുള്ള പഞ്ചായത്തുകളെ, പുതുതായി 2019ലെ തീരദേശ പരിപാലന പ്ലാനിൽ ഉൾപ്പെടുത്തിയ CRZ III A എന്ന വിഭാഗ ത്തിലും, അതിൽ കുറഞ്ഞ ജനസാന്ദ്രതയുള്ള പ്രദേശങ്ങളെ ഇഞദ കകക ആ വിഭാഗത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. CRZ III A യിലെ വികസന നിഷിദ്ധ മേഖല നിലവിലുള്ള 200 മീറ്ററിൽ നിന്ന് 50 മീറ്ററായി കുറച്ചു.

# രാഹുലിനെതിരെ ഇടതു സ്വതന്ത്രൻ സരിനെ പിന്തുണച്ച് സിപിഎം

പാലക്കാട് : നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ കോൺഗ്രസ് നേതാവ് പി.സരിനെ സ്ഥാനാർഥിയാക്കാൻ സിപിഎം തീരുമാനിച്ചതായി സൂചന. സംസ്ഥാന നേതൃത്വം വ്യാഴാഴ്ച പ്രഖ്യാപനം നടത്തിയേക്കും. സരിനെ സ്ഥാനാർഥിയാക്കുന്നതിനോട് അനുകൂല നിലപാടാണ് സിപിഎം ജില്ലാ നേതൃത്വം സ്വീകരിച്ചത്. കോൺഗ്രസിലുണ്ടായ പൊട്ടിത്തെറി മുതലെടുക്കാനാണ് സിപിഎം ജില്ലാ സെക്രട്ടേറിയറ്റ്



യോഗത്തിലെ തീരുമാനം.

'രാഹുൽ മാങ്കൂട്ടത്തിലിന്റെ സ്ഥാനാർഥിത്വം പുനഃപരിശോധിക്കണം, തെറ്റ് തിരുത്തിയില്ലെങ്കിൽ ഹരിയാന ആവർത്തിക്കും'

പത്തനംതിട്ട ജില്ലക്കാരനായ രാഹുൽ മാങ്കൂട്ടത്തിലിനെ ഉപതിര!ഞ്ഞെടുപ്പിൽ മത്സരിപ്പിക്കാനാണ് കോൺഗ്രസ് തീരുമാനിച്ചത്. സീറ്റ് നിഷേധിച്ചതിനെതിരെ സരിൻ വാർത്താ സമ്മേളനത്തിൽ പരസ്യമായി പ്രതികരിച്ചു. രാഷ്ട്രീയ സ്ഥിതിഗതികൾ വിലയിരുത്തിയ സിപിഎം, സരിൻ പാർട്ടിവിട്ടു വന്നാൽ സ്വീകരിക്കാമെന്ന നിലപാടിലെത്തി. ജില്ലാ നേതൃത്വം ഇക്കാര്യം സംസ്ഥാന നേതൃത്വത്തെ അറിയിച്ചു. സംസ്ഥാന നേതൃത്വം വിശദമായ ചർച്ച നടത്തിയശേഷം തീരുമാനം പ്രഖ്യാപിക്കും. സിപിഎം പിന്തുണയോടെ ഇടതു സ്വതന്ത്രനായി സരിൻ മത്സരിക്കുമെന്നാണു റിപ്പോർട്ട്. സരിൻ സമ്മതം അറിയിച്ചെന്നാണു വിവരം. ഇതോടെ രാഹുലും സരിനും തമ്മിൽ നേർക്കുനേർ പോരാട്ടത്തിനാകും പാലക്കാട് സാക്ഷ്യം വഹിക്കുക. സരിൻ സ്ഥാനാർഥിയാകുന്നതു കോൺഗ്രസിനു ക്ഷീണമാകുമെന്നാണു എൽഡിഎഫിന്റെ വിലയിരുത്തൽ.

# ആയുർവേദം, പെർഫോമൻസ് കെമിക്കൽസ് എന്നിവയിലെ മികവിൻെറ കേന്ദ്രങ്ങൾ സിഎസ്ഐആർഎൻഐഐഎസ്ടിയിൽ സ്ഥാപിക്കും

## സുവർണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് പദ്ധതികൾക്ക് ഇന്ന് കേന്ദ്രമന്ത്രി ഡോ. ജിതേന്ദ്ര സിംഗ് തറക്കല്ലിടും

തിരുവനന്തപുരം: സിഎസ്ഐആർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻറർഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി (എൻഐഐഎസ്ടി) യുടെ സുവർണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് കാമ്പസിൽ ആയുർവേദ ഗവേഷണത്തിലെ മികവിൻറെ കേന്ദ്രത്തിന് ഇന്ന് (ഒക്ടോബർ 17) കേന്ദ്ര ശാസ്ത്ര സാങ്കേതിക സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗ് തറക്കല്ലിടും. ആയുർവേദത്തിൻറെ ആഗോള വ്യാപനത്തിലേക്കുള്ള ചുവടുവയ്പ്പിൽ സുപ്രധാന നാഴികക്കല്ല് ആയിരിക്കുമിത്. വൈകുന്നേരം 3 ന് നടക്കുന്ന ചടങ്ങിൽ പെർഫോമൻസ് കെമിക്കൽസ് ആൻഡ് സസ്റ്റെയ്നബിൾ പോളിമറുകളിലെ മികവിൻറെ കേന്ദ്രത്തിൻറെ ഉദ്ഘാടനവും മന്ത്രി നിർവ്വഹിക്കും. വളർന്നുവരുന്ന ശാസ്ത്ര മേഖലകളിൽ സംഭാവനകൾ നൽകുകയും രാജ്യത്തെ മികച്ച ഗവേഷണ വികസന സ്ഥാപനങ്ങളിലൊന്നായി നിലനിൽക്കുകയും ചെയ്യുന്ന സിഎസ്ഐആർഎൻഐഐഎസ്ടിയുടെ സുപ്രധാന സംരംഭങ്ങളാണ് ഇവ രണ്ടും.ആയുർവേദ ചികിത്സാ സമ്പ്രദായത്തിൻറെ വർധിച്ചുവരുന്ന പ്രാധാന്യവും ലോകമെമ്പാടുമുള്ള സ്വീകാര്യതയും കണക്കിലെടുത്ത്, ആയുർവേദ മരുന്നുകളുടെ മൂല്യനിർണയത്തിലും നിലവാരത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ആയുഷ് ഗുണനിലവാര പരിശോധനയ്ക്കും നൂതന ആശയങ്ങൾ നടപ്പാക്കാനും നവീകരണത്തിനുമായി പ്രധാന സൗകര്യമായാണ് ആയുർവേദത്തിൻറെ മികവിൻറെ കേന്ദ്രം വിഭാവനം ചെയ്തിരിക്കുന്നത്.

ആയുർവേദത്തോടുള്ള ആഗോള താൽപര്യം വർധിക്കുന്നതിനനുസരിച്ച് ആയുർവേദ മരുന്നുകളുടെ സുരക്ഷയും ഫലപ്രാപ്തിയും ഗുണനിലവാരവും ഉറപ്പാക്കേണ്ടത് അത്യാവശ്യമാണെന്ന് സിഎസ്ഐആർ എൻഐഐഎസ്ടി ഡയറക്ടർ ഡോ. സി. അനന്തരാമകൃഷ്ണൻ പറഞ്ഞു. ആയുർവേദ മരുന്നുകളുടെ സാധൂകരണത്തിൻറെ ആവശ്യകത ഈ പരമ്പരാഗത മരുന്നുകളെ അന്താരാഷ്ട്ര തലത്തിലുള്ള ഗുണനിലവാരം ഉറപ്പു വരുത്തുന്നത് നിർണായകമാണ്. ഈ വെല്ലുവിളിയെ നേരിടാനാണ് പുതിയ കേന്ദ്രം ലക്ഷ്യമിടുന്നത്. ഉയർന്ന നിലവാരമുള്ള ആയുർവേദ ഉൽപന്നങ്ങളുടെ ആഗോള കേന്ദ്രമായി കേരളത്തെ ഉയർത്താനും ഈ സംരംഭം സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കെമിക്കൽ, പോളിമർ മേഖലകളിലെ ആഭ്യന്തര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിന് ഗവേഷണവും വികസനവും ശക്തിപ്പെടുത്തേണ്ടതിൻറെ ആവശ്യകതയിൽ പെർഫോമൻസ് കെമിക്കൽസ് ആൻഡ് സസ്റ്റെയ്നബിൾ പോളിമറുകളിലെ മികവിൻറെ കേന്ദ്രം ശ്രദ്ധ കേന്ദ്രീകരിക്കും. 2030 ഓടെ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്വ്യവസ്ഥയായി മാറുകയെന്ന ഇന്ത്യയുടെ ലക്ഷ്യവുമായി ചേർന്നു നിൽക്കുന്നതാണിത്. പ്രവർത്തനക്ഷമത, കാര്യക്ഷമത, സ്വാശ്രയത്വം എന്നിവ വർധിപ്പിക്കുന്ന ഒപ്റ്റോ ഇലക്ട്രോണിക് ഉപകരണങ്ങളുടെയും ഊർജ്ജ സാങ്കേതിക വിദ്യകളുടെയും വികസനത്തിൽ ഇത് നിർണായകമാണ്.സിഎസ്ഐആർഎൻഐഐഎസ്ടിക്ക് കെമിക്കൽ, പോളിമർ മേഖലകളിലെ പ്രവർത്തനത്തിന് നാല് പതിറ്റാണ്ട് നീണ്ട വൈദഗ്ധ്യമുണ്ട്. കൂടാതെ സമഗ്രമായ ഒരു വിജ്ഞാന ശേഖരവും വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഡോ. അനന്തരാമകൃഷ്ണൻറെ നേതൃത്വത്തിലുള്ള 13ലധികം ശാസ്ത്രജ്ഞരുടെ സംഘം ഈ കേന്ദ്രത്തിലുണ്ടാകും.

2024ലെ ലോക ആയുർവേദ ദിനാചരണത്തോടനുബന്ധിച്ച് 'ഇന്നേക്കും നാളേക്കുമായി ആയുർവേദം: പാരമ്പര്യത്തിൻറെയും ആധുനികതയുടെയും സമന്വയം' എന്ന വിഷയത്തിൽ കോൺക്ലേവും കാമ്പസിൽ സംഘടിപ്പിക്കും. ആയുർവേദ വിദഗ്ധർ, ഗവേഷകർ, പ്രാക്ടീഷണർമാർ എന്നിവർ ആയുർവേദത്തിൻറെ ആഗോള പ്രസക്തി, ആയുർവേദ സമ്പ്രദായങ്ങളെ സാധൂകരിക്കുന്നതിനുള്ള ശാസ്ത്രീയ സമീപനം, ആധുനിക വെൽനെസ് ചികിത്സാ മാതൃകകളുമായുള്ള സംയോജനം എന്നിവ ചർച്ച ചെയ്യും.

# രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ ഗവൺമെന്റ് ഹോമിയോ കോളേജുകളിലെ 202425 ലെ പി.ജി. ഹോമിയോ കോഴ്സിലേക്ക് പ്രവേശനത്തിനുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അന്തിമ അലോട്ട്മെന്റ് www.c-e-e.k-er-a-l-a.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

ഒക്ടോബർ 14 ന് പ്രസിദ്ധീകരിച്ച താത്കാലിക അലോട്ട്മെന്റ് സംബന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിച്ച ശേഷമാണ് അന്തിമ അല്ലോട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഒക്ടോബർ 18 വൈകുന്നേരം നാലു മണിക്കകം അതതു കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.c-e-e.k-er-a-l-a.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# ഹിന്ദി ഭാഷാ പഠനത്തിന് ഇക്യൂബ് ലാംഗ്വേജ് ലാബ് സഹായകമാകും : മന്ത്രി വി ശിവൻകുട്ടി

പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന ഇക്യൂബ് ഹിന്ദി ലാംഗ്വേജ് ലാബ് പദ്ധതി ഹിന്ദി ഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിന് സഹായകമാകുമെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി. പൊതുവിദ്യാലയങ്ങളിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ഹൈടെക് സംവിധാനങ്ങൾ ഭാഷാപഠനത്തിന് ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് ലാബിലൂടെ കഴിയുമെന്നും മന്ത്രി പറഞ്ഞു. കൈറ്റ് രൂപകൽപ്പന ചെയ്ത ഇ ക്യൂബ് ഹിന്ദി ലാംഗ്വേജ് ലാബ് സെക്രട്ടേറിയറ്റിലെ പിആർ ചേംബറിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കേരളത്തിലെ പൊതു വിദ്യാഭ്യാസ മേഖലയിലെത്തുന്ന ഓരോ വിദ്യാർഥിയും മാതൃഭാഷ കൂടാതെ രണ്ട് ഭാഷകൾ കൂടി പഠിക്കുകയും പരിശീലിക്കുകയും ചെയ്യുന്നുണ്ട്. ഇതരഭാഷകൾ ഒരേപോലെ ഉപയോഗിക്കാൻ എല്ലാ കുട്ടികൾക്കും കഴിയുക എന്നത് പുതിയ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇംഗ്ലീഷ് ഭാഷയിൽ കുട്ടികളുടെ പ്രാവീണ്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് കൈറ്റ് 2022 ൽ ഇക്യൂബ് ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് നടപ്പിലാക്കിയത്. കേന്ദ്രസർക്കാരിനു കീഴിലുള്ള ബെംഗളൂരു റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് നടത്തിയ പഠനത്തിൽ ഇക്യൂബ് ഇംഗ്ലീഷ് പദ്ധതി ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിനു തുടർച്ചയായാണ് ഇക്യൂബ് ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് പ്ലാറ്റ്ഫോമിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കുട്ടികളുടെ ഹിന്ദി ഭാഷാ പ്രാവീണ്യം ഉയർത്തുന്നതിനായി ഇക്യൂബ് ഹിന്ദി ഭാഷാ പ്രയോഗ്ശാല സോഫ്റ്റ്വെയർ കൈറ്റ് വികസിപ്പിച്ചതെന്ന് മന്ത്രി പറഞ്ഞു.

സർക്കാരിന്റെ നാലാം നൂറുദിന പരിപാടിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഈ പദ്ധതി പൂർണമായും സ്വതന്ത്ര സോഫ്റ്റ്വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. സ്കൂളുകളിൽ നിലവിലുള്ള കമ്പ്യൂട്ടറുകൾ പ്രയോജനപ്പെടുത്തി ഹിന്ദി ലാംഗ്വേജ് ലാബ് സോഫ്റ്റ്വെയർ കുട്ടികൾക്ക് ഉപയോഗിക്കാൻ കഴിയും. ഇതിൽ കുട്ടികൾക്കും അധ്യാപകർക്കും പ്രഥമാധ്യാപകർക്കുമുള്ള ലോഗിനുകൾ ഉണ്ട്. കേൾക്കാനും സംസാരിക്കാനും വായിക്കാനും എഴുതാനും കഴിയും. ഓഡിയോവീഡിയോ റെക്കോർഡ് ചെയ്യാനും ഭാഷാ വ്യവഹാര രൂപങ്ങൾ നിർമ്മിക്കാനുമുള്ള ഗെയിം അധിഷ്ഠിത ഇന്ററാക്ടീവ് പ്രവർത്തനങ്ങൾ ചെയ്യാനും സാധിക്കും. അധ്യാപകർക്ക് ഓരോ കുട്ടിയും പൂർത്തിയാക്കിയ പ്രവർത്തനങ്ങൾ കാണാനും വിലയിരുത്താനും മെച്ചപ്പെടുത്താനുള്ള പിന്തുണ നൽകാനും പഠനപുരോഗതി നിരീക്ഷിക്കാനും കഴിയുന്ന തരത്തിലാണ് സോഫ്റ്റുവെയർ തയ്യാറാക്കിയിട്ടുള്ളതെന്ന് മന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ തലങ്ങളിലും സർക്കാർ നിരന്തരമായി ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി പ്രൈമറി മേഖലയിലെ ഐ.ടി പഠനവും ഐ.ടി സഹായകപഠനവും മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളും നടന്നു വരുന്നു. നവീകരിച്ച ഐ.സി.ടി പാഠപുസ്തകം അടിസ്ഥാനപ്പെടുത്തിയുള്ള പഠനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള അധ്യാപക പരിശീലനങ്ങൾ പൂർത്തിയായി വരുന്നു. പ്രൈമറിതലത്തിൽ കാര്യക്ഷമമായി ഐ.സി.ടി പഠനം ഉറപ്പുവരുത്താൻ പൊതുവിദ്യാഭ്യാസവകുപ്പ് നിർദേശം നൽകിക്കഴിഞ്ഞതായും മന്ത്രി അറിയിച്ചു.

പരിപാടിയിൽ വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്, കൈറ്റ് സിഇഒ അൻവർ സാദത്ത് തുടങ്ങിയവർ സംബന്ധിച്ചു.



കൈറ്റ് രൂപകൽപ്പന ചെയ്ത ഇ ക്യൂബ് ഹിന്ദി ലാംഗ്വേജ് ലാബ് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു.



സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച മഹാകവി കുമാരനാശാൻ വിജ്ഞാനകോശം മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്യുന്നു. മന്ത്രിമാരായ സജി ചെറിയാൻ, വി. ശിവൻകുട്ടി എന്നിവർ സമീപം

# ഗുണനിലവാര പരിശോധനകൾ

വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ ചങ്ങനാശേരി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ സ്ഥാപിതമായ കോമൺ ഫെസിലിറ്റി സെന്ററിൽ റബ്ബർ/ പ്ലാസ്റ്റിക് വ്യവസായ സംരംഭകർക്ക് ആവശ്യമായ വിവിധതരം ഗുണനിലവാര പരിശോധനകൾ നടത്തി വരുന്നു. റബ്ബർ കർഷകർക്ക് ഏറ്റവും അനിവാര്യമായ ഡിആർസി ടെസ്റ്റ് 80 രൂപ നിരക്കിൽ ഇവിടെ ചെയ്തുവരുന്നു. ഐഎസ്ഒ അംഗീകാരത്തോടുകൂടിയുള്ള സർട്ടിഫിക്കറ്റുകളാണ് ഇവിടെ നിന്നും നൽകി വരന്നത്. ഗവേഷകരും വിദ്യാർഥികളും തങ്ങളുടെ റിസർച്ച്, പ്രോജക്ട് വർക്കുകൾക്കും ഈ സ്ഥാപനത്തിന്റെ സേവനം ഉപയോഗപ്പെടുത്തി വരുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 7907856226, 04812720311.

# തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷിക്കാം

നെടുമങ്ങാട് ഗവ. പോളിടെക്നിക് കോളജിലെ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ സെല്ലിൽ ഉടൻ ആരംഭിക്കുന്ന ഹ്രസ്വകാല കോഴ്സുകളായ ഡിസിഎ, ടാലി, ഡാറ്റാ എൻട്രി, ഫാഷൻ സിസൈനിങ്, സി പ്രോഗ്രാമിങ് കോഴ്സുകൾക്ക് ഏതാനും സീറ്റൊഴിവുണ്ട്. വിശദ വിവരങ്ങൾക്ക്: 7559955644.

# ബി.ടെക് സ്പോട്ട് അഡ്മിഷൻ

തിരുവനന്തപുരം ഗവൺമെന്റ് എൻജിനിയറിങ് കോളേജ് ബാർട്ടൺഹില്ലിൽ ഒഴിവുള്ള സീറ്റിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തും. വിദ്യാർഥികൾ തങ്ങളുടെ അസൽ സർട്ടിഫിക്കറ്റുകളും അനുബന്ധ രേഖകളുമായി രാവിലെ 9 നും 11 നും ഇടയിൽ കോളേജിൽ ഹാജരായി രജിസ്ട്രേഷൻ പൂർത്തിയാക്കണം. വിശദവിവരങ്ങൾക്ക്: www.gecbh.ac.in.

# മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവുമായി കൂടിക്കാഴ്ച നടത്തി

മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവുമായി റെയിൽ ഭവനിൽ കൂടിക്കാഴ്ച നടത്തി. അങ്കമാലി എരുമേലി ശബരി റെയിൽ പാത പദ്ധതി, സിൽവർലൈൻ പദ്ധതിയുടെ അംഗീകാരം, കേരളത്തിലെ റെയിൽ പാതകളുടെ എണ്ണം 3, 4 വരിയാക്കുന്നത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളാണ് കൂടിക്കാഴ്ചയിൽ പ്രധാനമായും ചർച്ച ചെയ്തത്.

ഇക്കാര്യങ്ങൾ ഉദ്യോഗസ്ഥതല ചർച്ച നടത്തി അന്തിമ തീരുമാനം എടുക്കുമെന്ന് കേന്ദ്രമന്ത്രി മുഖ്യമന്ത്രിക്ക് ഉറപ്പുനൽകി. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി മുഖ്യമന്ത്രി ഓഗസ്റ്റിൽ നടത്തിയ ചർച്ചയുടെ തുടർച്ചയായാണ് കേന്ദ്ര റെയിൽവേ മന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയത്.

സംസ്ഥാന കായിക റെയിൽവേ വകുപ്പ് മന്ത്രി വി അബ്ദു റഹ്മാനും കൂടിക്കാഴ്ചയിൽ പങ്കെടുത്തു. ചർച്ച വളരെ അനുകൂലമായിരുന്നുവെന്നും റെയിൽ പാത വികസനമായി ബന്ധപ്പെട്ട് കേരളം ആവശ്യപ്പെട്ട മറ്റുകാര്യങ്ങളിൽ അനുകൂല നടപടി സ്വീകരിക്കാമെന്നും കേന്ദ്രമന്ത്രി അറിയിച്ചതായി മന്ത്രി അബ്ദുറഹ്മാൻ പറഞ്ഞു.

# വിദേശ തൊഴിലവസരം: നോർക്കയും കെഡിസ്ക്കും ധാരണാപത്രം ഒപ്പുവച്ചു

കേരളത്തിലെ തൊഴിൽ അന്വേഷകർക്ക് വിശ്വസനീയവും ഗുണകരവുമായ വിദേശ തൊഴിൽ അവസരം ലഭ്യമാക്കുന്നതിന് നോർക്ക റൂട്ട്സും കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലും(കെഡിസ്ക്) ധാരണാപത്രം ഒപ്പുവച്ചു. വഴുതക്കാട് കെ ഡിസ്ക് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ നോർക്ക റൂട്ട്സ് ചീഫ് എക്സിക്യുട്ടീവ് ഓഫീസർ അജിത് കോളശേരിയും കെഡിസ്ക് മെമ്പർ സെക്രട്ടറി ഡോ. പി.വി. ഉണ്ണിക്കൃഷ്ണനും ധാരണാപത്രം കൈമാറി. കേരള നോളജ് ഇക്കണോമി മിഷന്റെ ഭാഗമായി ദീർഘകാല തൊഴിൽ അവസരം ഉറപ്പാക്കുന്നതിനും തൊഴിലവസരങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നോർക്ക റൂട്ട്സും കെഡിസ്കുമായുള്ള സഹകരണം ലക്ഷ്യമിടുന്നു. വ്യാജ വീസ, തൊഴിൽ തട്ടിപ്പുകൾ വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ വിശ്വസനീയമായ തൊഴിൽ അവസരം ഉറപ്പാക്കി മികവുറ്റ ഉദ്യോഗാർഥികളെ വിദേശത്തെ മികച്ച തൊഴിൽ ദാതാക്കൾക്ക് ലഭ്യമാക്കുകയാണ് ഉദ്ദേശ്യം.

കേരളീയർക്ക് നഴ്സിംഗ്, കെയർ ഗിവർ ജോലികളിൽ ജപ്പാനിൽ വലിയ അവസരമുണ്ടെന്നും അതു പ്രയോജനപ്പെടുത്താൻ നമുക്കു സാധിക്കുമെന്നും നോർക്ക റൂട്ട്സ് ചീഫ് എക്സിക്യുട്ടീവ് ഓഫീസർ അജിത് കോളശേരി പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട് ജാപ്പനീസ് ഭാഷ പഠിപ്പിക്കുന്നതിന് ലാംഗ്വേജ് സെന്ററും തൊഴിൽ നൈപുണ്യത്തിനുള്ള സ്കിൽ ടെസ്റ്റ് സെന്ററും സജ്ജമാക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. ജപ്പാനിലെ തൊഴിൽ സാധ്യത മനസിലാക്കി തമിഴ്നാട്ടിൽ പോളി ടെക്നിക്കുകളിൽ ഉൾപ്പെടെ ജാപ്പനീസ് ഭാഷ പഠിക്കുന്നതിന് അവസരമൊരുക്കിയിട്ടുള്ളതായി കെ ഡിസ്ക് മെമ്പർ സെക്രട്ടറി ഡോ. പി.വി. ഉണ്ണിക്കൃഷ്ണൻ പറഞ്ഞു. ജപ്പാൻ, ഫ്രാൻസ്, ജർമ്മനി എന്നിവിടങ്ങളിൽ തൊഴിലവസരങ്ങളുണ്ടെന്നും അതു പ്രയോജനപ്പെടുത്താൻ കേരളത്തിലെ വിദേശ തൊഴിൽ അന്വേഷകർക്ക് ആകണമെന്നും അദ്ദേഹം പറഞ്ഞു.

നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് മാനേജർ പ്രകാശ് പി ജോസഫ്, വിജ്ഞാന പത്തനംതിട്ട അസിസ്റ്റന്റ് ജില്ലാ മിഷൻ കോഓർഡിനേറ്റർ അബ്രഹാം വലിയകാലായിൽ, കെ ഡിസ്ക് സീനിയർ കൺസൾട്ടന്റ് ടി.വി. അനിൽകുമാർ, നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് സെക്ഷൻ ഓഫീസർ ബി. പ്രവീൺ തുടങ്ങിയവർ പങ്കെടുത്തു.

# ഒക്ടോബർ 17 ലോക ട്രോമ ദിനം സമഗ്ര ട്രോമകെയർ സംവിധാനം എല്ലാ ജില്ലകളിലും: മന്ത്രി വീണാ ജോർജ്

സമഗ്ര ട്രോമകെയർ സംവിധാനം എല്ലാ ജില്ലകളിലും യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മെഡിക്കൽ കോളേജുകൾക്ക് പുറമേ ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ കൂടി ട്രോമകെയർ സംവിധാനമൊരുക്കി വരുന്നു. നിലവിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശൂർ, കോഴിക്കോട്, കണ്ണൂർ മെഡിക്കൽ കോളേജുകളിൽ ലെവൽ 1 ട്രോമകെയർ സംവിധാനവും കൊല്ലം, എറണാകുളം, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ ലെവൽ 2 ട്രോമകെയർ സംവിധാനവുമാണുള്ളത്.

ഇടുക്കി, വയനാട്, പത്തനംതിട്ട, കാസർഗോഡ് മെഡിക്കൽ കോളേജുകളിൽ ലെവൽ 2 സംവിധാനം ഒരുക്കാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ ദേശീയ പാതയോടും സംസ്ഥാന പാതയോടും ചേർന്നുള്ള ആരോഗ്യ വകുപ്പിന് കീഴിലുള്ള 52 തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലും ട്രോമകെയർ സംവിധാനമൊരുക്കി വരുന്നതായും മന്ത്രി വ്യക്തമാക്കി.

അപകടം സംഭവിച്ചാൽ ആദ്യത്തെ മണിക്കൂറുകൾ വളരെ പ്രധാനമാണ്. ആ സുവർണ നിമിഷങ്ങൾക്കകം അടിയന്തര ചികിത്സ ലഭ്യമാക്കാനായി സൗകര്യമൊരുക്കാനുള്ള പദ്ധതിയാണ് ആരോഗ്യ വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ളത്. കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങൾ കണ്ടെത്തി ബ്ലാക്ക് സ്പോട്ടുകൾ നിശ്ചയിച്ച് കനിവ് 108 ആംബുലൻസുകൾ പുന:വിന്യസിച്ചു. അപകടത്തിൽ പെടുന്നവർക്ക് വേഗത്തിൽ പ്രാഥമിക ചികിത്സ ലഭ്യമാക്കാനായി സംസ്ഥാന പാതയോടും ദേശീയ പാതയോടും ബന്ധിപ്പിച്ച് പ്രധാന ആശുപത്രികളിൽ ട്രോമകെയർ സംവിധാനമൊരുക്കി വരുന്നു. ഒരു രോഗിയെ ആ ആശുപത്രിയിൽ നിന്നും മറ്റൊരു ഉയർന്ന ആശുപത്രിയിലേക്ക് റഫർ ചെയ്യുന്നതിന് റഫറൽ മാർഗനിർദേശങ്ങശും പുറത്തിറക്കി. റഫറൽ മാർഗനിർദേശങ്ങൾ കർശനമായി പാലിക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

മെഡിക്കൽ കോളേജുകളിൽ ട്രോമകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആദ്യമായി എമർജൻസി മെഡിസിൻ വിഭാഗം ആരംഭിച്ചു. അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, സീനിയർ റെസിഡന്റ് തസ്തികൾ ഉൾപ്പെടെ സൃഷ്ടിച്ചു. മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗത്തിൽ മികച്ച ചികിത്സ ഉറപ്പാക്കാൻ ക്വാളിറ്റി മാനേജ്മെന്റ് ഇനിഷ്യേറ്റീവ് പദ്ധതി നടപ്പിലാക്കി. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എമർജൻസി മെഡിസിൻ വിഭാഗത്തെ കേന്ദ്ര സർക്കാർ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്താൻ തീരുമാനിച്ചു. അത്യാഹിത വിഭാഗ ചികിത്സയുടെ പഠനത്തിനായി നീതി ആയോഗ് ഐസിഎംആർ തെരഞ്ഞെടുക്കുന്ന രാജ്യത്തെ 5 മെഡിക്കൽ കോളേജുകളുടെ പട്ടികയിലാണ് തിരുവനന്തപുരം മെഡിക്കൽ കോളേജും ഉൾപ്പെട്ടത്.

മികച്ച ട്രോമകെയറിന് മികച്ച പരിശീലനം ഏറ്റവും അത്യാവശ്യമാണ്. ഒരാൾ അപകടത്തിൽപ്പെട്ടാൽ ഗോൾഡൻ അവറിനുള്ളിൽ അയാളെ രക്ഷിക്കുക എന്നത് വളരെ പ്രധാനമാണ്. അതിന് വിദഗ്ധ പരിശീലനം ആവശ്യമാണ്. ഇത് മുന്നിൽ കണ്ട് ആരോഗ്യ പ്രവർത്തകരെ പരിശീലിപ്പിക്കുന്നതിനായി അപെക്സ് ട്രോമ ആന്റ് എമർജൻസി ലേണിഗ് സെന്റർ (എ.ടി.ഇ.എൽ.സി.) സ്ഥാപിച്ചു. ഇതിനോടകം 25,000ലധികം ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

# പതിനഞ്ചാം കേരള നിയമസഭ പന്ത്രണ്ടാം സമ്മേളന നടപടികളുടെ സംക്ഷിപ്ത രൂപം

പ്രധാനമായും നിയമനിർമ്മാണത്തിനായി ചേർന്ന പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം നടപടികൾ പൂർത്തീകരിച്ച് ഇന്ന് അവസാനിക്കുകയാണ്. 2024 ഒക്ടോബർ 4 മുതൽ 15 വരെയുള്ള കാലയളവിലായി ആകെ 8 ദിനങ്ങളാണ് സഭ ചേർന്നത്.

വയനാട്ടിലും കോഴിക്കോടുമുണ്ടായ ഉരുൾപൊട്ടലിൽ മരണപ്പെട്ടവരെ സംബന്ധിച്ച റഫറൻസോടെ ഈ സമ്മേളനത്തിന്റെ ആദ്യ ദിനം പിരിയുകയുണ്ടായി. തുടർന്ന് വ്യത്യസ്ത ദിനങ്ങളിലായി മുൻ മന്ത്രി കെ. കുട്ടി അഹമ്മദ്കുട്ടി, മുൻ പാർലമെന്റ് അംഗം എം.എം. ലോറൻസ്, മുൻ നിയമസഭാംഗം കെ.പി. കുഞ്ഞിക്കണ്ണൻ, സി.പി.ഐ.(എം) ദേശീയ ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി, വ്യവസായ പ്രമുഖൻ രത്തൻ റ്റാറ്റ എന്നിവരുടെ നിര്യാണം സംബന്ധിച്ച റഫറൻസ് ഈ സമ്മേളനത്തിൽ സഭ നടത്തുകയുണ്ടായി.

ഈ സമ്മേളനത്തിൽ സഭ പരിഗണിച്ച 9 ബില്ലുകൾക്കുമായി ജനറൽ അമെന്റ്മെന്റ് ഉൾപ്പെടെ ആകെ 2846 ഭേദഗതി നോട്ടീസുകളാണ് ലഭ്യമായത്. അവയിൽ 2111 എണ്ണം നോട്ടീസുകൾ അംഗങ്ങൾ ബില്ലിന്റെ വകുപ്പുകൾക്ക് നൽകിയ ഭേദഗതി നോട്ടീസുകളായിരുന്നു. അതിൽ 32 ഭേദഗതികൾ ബന്ധപ്പെട്ട മന്ത്രിമാർ അതതു ബില്ലിന്റെ പരിഗണനാവേളയിൽ സ്വീകരിക്കുകയുണ്ടായി.

2024ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ, 2024ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ, 2024ലെ കേരള സൂക്ഷ്മചെറുകിടഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ, 2024ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ, 2024ലെ പ്രവാസി കേരളീയരുടെ ക്ഷേമ(ഭേദഗതി) ബിൽ, 2023ലെ കേരള കന്നുകാലി പ്രജനന ബിൽ, തുടങ്ങിയ സുപ്രധാന ബില്ലുകൾ സഭ പാസ്സാക്കുകയുണ്ടായി.

2008ലെ പ്രവാസി കേരളീയരുടെ ക്ഷേമ നിയമം, 2018ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) നിയമം എന്നീ മൂലനിയമങ്ങളിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതിനായി ഈ സഭയിൽ ഭേദഗതി ബില്ലുകൾ അവതരിപ്പിക്കുകയും അവ പാസ്സാക്കുകയും ചെയ്തത് കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് എന്നത് ഭേദഗതി ബില്ലുകളുടെ ഉദ്ദേശകാരണങ്ങളുടെ വിവരണത്തിൽ ഉൾപ്പെടുത്തിയിരുന്നു. കേരള നിയമസഭയിലെ വിവിധ സമിതികൾ എത്രമാത്രം ജാഗ്രതയോടെയാണ് അവരവരുടെ പ്രവർത്തന മേഖലയിൽ വ്യാപരിക്കുന്നത് എന്നതിന്റെ ഒരു ഉത്തമ ഉദാഹരണമായി ഇതിനെ കാണാവുന്നതാണ്. ഇത്തരത്തിൽ കാര്യമാത്രപ്രസക്തമായ രീതിയിൽ പ്രവർത്തനം നടത്തിവരുന്ന നിയമസഭാ സമിതികളെ പൊതുവേയും സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയെ പ്രത്യേകമായും അഭിനന്ദിക്കുവാൻ ചെയറിന് അതിയായ സന്തോഷമുണ്ട്.

സമ്മേളന കാലയളവിൽ ചട്ടം 50 പ്രകാരമുള്ള 6നോട്ടീസുകൾ സഭ പരിഗണിച്ചതിൽ 5നോട്ടീസുകളിന്മേലും ചർച്ച ചെയ്യാൻ സർക്കാർ സന്നദ്ധമാകുകയുണ്ടായി. അതിൽ എ.ഡി.ജി.പി. ആർ.എസ്.എസ്. കൂടിക്കാഴ്ച, തൃശ്ശൂർ പൂരം അലങ്കോലപ്പെട്ട സംഭവം, വയനാട് ദുരന്തം, സാമ്പത്തിക പ്രതിസന്ധി എന്നീ വിഷയങ്ങളിന്മേലുള്ള നാല് നോട്ടീസുകൾ പ്രകാരം നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേൽ രണ്ട് മണിക്കൂറിലധികം സമയം വീതം ചർച്ച നടത്തുകയും ചെയ്തു. ഒരു സമ്മേളന കാലയളവിൽ തുടർച്ചയായി മൂന്ന് ദിവസം നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേൽ ചർച്ച ചെയ്യാൻ സർക്കാർ സന്നദ്ധത അറിയിക്കുന്നത് നടാടെയാണ്. വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് ചട്ടം 50 പ്രകാരമുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്ക് ശേഷം ബഹു. മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ ഐകകണ്ഠേന പാസ്സാക്കുകയുണ്ടായി. പതിനഞ്ചാം കേരള നിയമസഭയുടെ നാളിതുവരെയുള്ള കാലയളവിൽ ചട്ടം 50 പ്രകാരമുള്ള 11 നോട്ടീസുകളാണ് സഭ നിർത്തിവച്ച് ചർച്ച ചെയ്തത്. ഒന്നാം കേരള നിയമസഭ മുതൽ നാളിതുവരെയുള്ള 67 വർഷക്കാലയളവിൽ ചട്ടം 50 പ്രകാരമുള്ള ഉപക്ഷേപത്തിന്മേൽ 41 തവണ ചർച്ച ചെയ്തതിൽ നാലിലൊന്നും പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നര വർഷ കാലയളവിലാണെന്നത് ശ്രദ്ധേയമാണ്. ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച മാതൃകാപരമായ നിലപാടിനെ ചെയർ അഭിനന്ദിക്കുന്നു.

ഈ സമ്മേളനത്തിൽ സഭ സമ്മേളിച്ച ആകെ സമയമായ 44 മണിക്കൂർ 36 മിനിറ്റിൽ 9 മണിക്കൂർ 19 മിനിറ്റാണ് നിയമനിർമ്മാണത്തിനായി വിനിയോഗിക്കപ്പെട്ടത്. റൂൾ 50 പ്രകാരമുള്ള നടപടികളിന്മേൽ 13 മണിക്കൂർ 48 മിനിറ്റും വിനിയോഗിക്കുകയുണ്ടായി എന്നത് എടുത്തുപറയേണ്ടതാണ്.

'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് ' എന്ന ആശയം നടപ്പാക്കുന്നതിൽ നിന്നും പിന്തിരിയണമെന്ന് ആവശ്യപ്പെടുന്നതും 2024ലെ വഖഫ്(ഭേദഗതി) ബിൽ പിൻവലിക്കണ

മെന്ന് ആവശ്യപ്പെടുന്നതുമായി ചട്ടം 118 പ്രകാരമുള്ള രണ്ട് ഗവൺമെന്റ് പ്രമേയങ്ങൾ ഈ സമ്മേളന കാലയളവിൽ സഭ ഐകകണ്ഠേന പാസ്സാക്കുകയുണ്ടായി. വയനാട് ജില്ലയിലെ മേപ്പാടിയിലുണ്ടായ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ചട്ടം 300 പ്രകാരം ബഹു. മുഖ്യമന്ത്രിക്കുവേണ്ടി ബഹു. റവന്യൂഭവനനിർമ്മാണ വകുപ്പുമന്ത്രി പ്രസ്താവന നടത്തുകയുണ്ടായി.

സമ്മേളന കാലയളവിൽ 13 ശ്രദ്ധക്ഷണിക്കലുകളും 103 സബ്മിഷനുകളും സഭ മുമ്പാകെ അവതരിപ്പിക്കുകയും ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയുകയും ചെയ്തു. സമ്മേളനത്തിലാകെ 458 രേഖകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുകയും നിരവധി നിയമസഭാ കമ്മിറ്റികളുടേതായ 26 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായി നീക്കിവച്ച വെള്ളിയാഴ്ച ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചു എന്നത് സന്തോഷകരമാണ്. അന്നേ ദിവസം 5 പുതിയ ബില്ലുകൾ ഉൾപ്പെടെ ആകെ 7 പ്രൈവറ്റ് മെമ്പർ ബില്ലുകൾ സഭ പരിഗണിക്കുകയും തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തു.

ഈ സമ്മേളന കാലത്ത് 7 ചോദ്യ ദിവസങ്ങളിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്രചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതുമായി ആകെ 2819 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭ്യമായത്.

ഇതിൽ 11 എണ്ണം വിവിധ കാരണങ്ങളാൽ നിരസിക്കുകയും 9 എണ്ണം പിൻവലിക്കുകയും ചെയ്തു. ശേഷിച്ചവയിൽ 210എണ്ണം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 2589 എണ്ണം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 2799 ചോദ്യങ്ങൾ അച്ചടിച്ചു. ഇതിൽ നക്ഷത്രചിഹ്നമിട്ട 210 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2244 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഈ സമ്മേളനകാലത്തുതന്നെ ഉത്തരം ലഭ്യമാക്കിയിട്ടുണ്ട്. 555 ചോദ്യങ്ങൾക്കുള്ള മറുപടി ഇനിയും ലഭിക്കേണ്ടതുണ്ട്.

ചോദ്യോത്തര വേളകളിൽ 27 ചോദ്യങ്ങൾ വാക്കാൽ മറുപടി നൽകുന്നതിനായി പരിഗണിച്ചിട്ടുണ്ട്. 185 അവസരങ്ങളിലായി 211 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടു. പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ഒരു ചോദ്യത്തിന്റെ ഉത്തരത്തിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള പ്രസ്താവന ഈ സമ്മേളനത്തിൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. ഈ സമ്മേളനത്തിലെ ചോദ്യങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരിപക്ഷം ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കാൻ ബന്ധപ്പെട്ട മന്ത്രിമാർ ശ്രദ്ധിച്ചിട്ടുണ്ടെങ്കിലും ഇനിയും ഏതാനും മറുപടികൾകൂടി ലഭ്യമാക്കാനുണ്ടെന്നാണ് കാണുന്നത്.

ബഹുമാനപ്പെട്ട റവന്യൂഭവനനിർമ്മാണ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വനം വന്യജീവി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട തുറമുഖസഹകരണദേവസ്വം വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസസാമൂഹ്യനീതി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട മൃഗസംരക്ഷണക്ഷീരവികസന വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ഭക്ഷ്യപൊതുവിതരണ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി എന്നിവർ ഈ സമ്മേളനത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഇതിനകം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ മറ്റ് മന്ത്രിമാർക്കും ഈ മാതൃക സ്വീകരിക്കാവുന്നതാണ്. ഇനിയും മറുപടി നൽകാനുള്ള ചോദ്യങ്ങൾക്ക് പൂർണ്ണമായി ചട്ടം അനുശാസിക്കുന്നവിധം മറുപടി ലഭ്യമാക്കാൻ ശ്രദ്ധിക്കണമെന്ന് ചെയർ വീണ്ടും ഓർമ്മിപ്പിക്കുന്നു.

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പ് 2025 ജനുവരി ആദ്യവാരം സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. വൈവിധ്യമാർന്ന പരിപാടികളും വമ്പിച്ച പൊതുജന പങ്കാളിത്തവും കൊണ്ട് അന്താരാഷ്ട്ര ശ്രദ്ധ നേടിയ പുസ്തകോത്സവം മുൻ പതിപ്പുകളേക്കാൾ മികച്ച രീതിയിലും കുറ്റമറ്റ തരത്തിലും സംഘടിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്.

സാമാജികരെ കൂടി ഉൾപ്പെടുത്തി വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പും വൻ വിജയമാക്കിത്തീർക്കുന്നതിന് മുൻ പതിപ്പുകളിൽ ഉണ്ടായിരുന്നതുപോലെ ഏവരുടെയും സഹായവും സഹകരണവും അഭ്യർത്ഥിക്കുന്നു.

# സ്നേഹവും പരിരക്ഷയും നൽകുന്ന സ്ഥാപനങ്ങളാകണം പ്രീസ്കൂളുകൾ: മന്ത്രി വി ശിവൻകുട്ടി

## ശിശുപ്രകൃതത്തെ അംഗീകരിച്ചുകൊണ്ട് കുട്ടികളോടുള്ള വൈകാരികമായ അടുപ്പവും

സ്നേഹവും പരിരക്ഷയും പ്രദാനം ചെയ്യുന്ന സ്ഥാപനങ്ങളായിട്ടാണ് പ്രീസ്കൂളുകൾ പ്രവർത്തിക്കേണ്ടതെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. സ്കോൾ കേരള ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീസ്കൂൾ മാനേജ്മെന്റ് കോഴ്സിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എജ്യുക്കേഷൻ കേരളയുടെ നേതൃത്വത്തിൽ പ്രീസ്കൂൾ മേഖലയിൽ ശാസ്ത്രീയ പരിശീലനം നേടിയ ആയമാരെ വാർത്തെടുക്കുന്നതിനായാണ് ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീസ്കൂൾ മാനേജ്മെന്റ് എന്ന പുതിയ കോഴ്സ് ആരംഭിക്കുന്നത്. സംസ്ഥാന സർക്കാറിൻറെ നാലാം നൂറ് ദിന കർമ്മപരിപാടിയുടെ ഭാഗമായാണ് ഈ കോഴ്സ് ആരംഭിക്കുന്നത്. ശൈശവകാല പരിചരണവും വികാസവും മുൻനിർത്തി ശാസ്ത്രീയമായ പ്രീസ്കൂൾ എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ നേതൃത്വം നൽകിവരികയാണ്. അതുകൊണ്ടുതന്നെ പ്രീസ്കൂൾ സ്ഥാപനത്തിലെ എല്ലാ ജീവനക്കാരും ശിശുവികാസത്തിന്റെയും പരിപാലനത്തിന്റെയും അടിസ്ഥാന ഘടകങ്ങളെക്കുറിച്ച് അറിവുള്ളവരാകണം.

സമൂഹത്തിലെ വിഭവങ്ങളെ കുട്ടികൾക്ക് വേണ്ടി ഏകോപിപ്പിക്കാനും കുട്ടികളുടെ അവകാശങ്ങളെ സ്നേഹത്തിന്റെ ഭാഷയിലൂടെ വ്യാഖ്യാനിക്കാനും അതിനനുസൃതമായി പെരുമാറുവാനും കഴിവുള്ളവരാകണം. സ്കൂൾ വിദ്യാഭ്യാസത്തിൻറെ അടിസ്ഥാന തലമായി പരിഗണിക്കുന്നത് 3 മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ പഠിക്കുന്ന പ്രീസ്കൂൾ / അങ്കണവാടികളെയാണ്. അധ്യാപികമാരും ആയമാരും ഉൾപ്പെടുന്ന ജീവനക്കാരാണ് പ്രീസ്കൂൾ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. സവിശേഷമായ സേവന പൂർവ്വകാല പരിശീലനം ലഭിച്ച അധ്യാപികമാരാണ് പ്രീസ്കൂൾ സ്ഥാപനങ്ങളിൽ സേവനം നൽകുന്നത്.

എന്നാൽ പ്രീസ്കൂൾ കുട്ടികളുടെ ആരോഗ്യ ശുചിത്വ കാര്യങ്ങൾ, പരിചരണം, സംരക്ഷണം, വികാസം എന്നിവയ്ക്കായി പൂർണസമയവും അധ്യാപകരോടൊപ്പം ചെലവിടുന്ന ആയമാർക്കായി ദേശീയ തലത്തിലും സംസ്ഥാനതലത്തിലും പ്രത്യേക സേവന പൂർവ്വകാല പരിശീലന സംവിധാനങ്ങൾ നിലവിലില്ല. സംസ്ഥാനത്തെ പ്രീസ്കൂൾ വിദ്യാഭ്യാസ മേഖല കൂടുതൽ സർഗ്ഗാത്മകമാകാൻ പരിശീലനം സിദ്ധിച്ച ആയമാരും അനിവാര്യമാണെന്ന് ഇത് സംബന്ധിച്ച പഠനങ്ങൾ നിർദ്ദേശിക്കുന്നു. ഇവയെല്ലാം പരിഗണിച്ചുകൊണ്ടാണ് ശിശു പരിപാലക തസ്തികയിൽ സേവനം നൽകുന്നതിനുള്ള അടിസ്ഥാന യോഗ്യത നിശ്ചയിച്ച് ഒരു പുതിയ ഡിപ്ലോമാ കോഴ്സ് സ്കോൾ കേരളയുടെ നേതൃത്വത്തിൽ ആരംഭിക്കുന്നത്. പ്രീസ്കൂൾ ആയമാർക്ക് തൊഴിൽപരമായ ശേഷികളും ധാരണകളും മനോഭാവങ്ങളും വികസിപ്പിക്കുന്നതിനായി രൂപകല്പന ചെയ്യുന്ന ഈ കോഴ്സ് ഡിപ്ലോമാ ഇൻ ചൈൽഡ്കയർ ആൻറ് പ്രീസ്കൂൾ മാനേജ്മെന്റ് എന്ന് അറിയപ്പെടുന്നു. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന ഒരു വ്യക്തിക്ക് ശിശുപരിപാലക തസ്തികയിൽ സേവനം നൽകുന്നതിനുള്ള സമഗ്രമായ അനുഭവങ്ങൾ ഈ കോഴ്സിലൂടെ ലഭിക്കും. കുട്ടികളുടെ ആവശ്യങ്ങൾ മുൻകൂട്ടി കണ്ടും അവർക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കി നൽകിയും അവരെ പരിചരിച്ചും ഭക്ഷണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ശ്രദ്ധ പുലർത്തിയും സേവനം നൽകുന്നവരാണ് ആയമാർ. പ്രീസ്കൂൾ വിദ്യാഭ്യാസത്തിന് അനിവാര്യമായ മികച്ച സേവന ദാതാക്കളായ ശിശുപരിപാലകരെ രൂപപ്പെടുത്തുക എന്നത് പൊതുസമൂഹത്തിന്റെ ആവശ്യം കൂടിയാണ്. നമ്മുടെ പൊതു വിദ്യാഭ്യാസ മേഖല രാജ്യത്തിനാകെ മാതൃകയാണ്. അടിസ്ഥാന സൗകര്യവികസനത്തിലും അക്കാദമിക പ്രവർത്തനങ്ങളിലും നാം ഒന്നാം സ്ഥാനത്താണ്. സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണവും അതിനനുസൃതമായ പാഠപുസ്തകങ്ങളും കേരളം തയ്യാറാക്കിക്കഴിഞ്ഞു. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ക്ലാസ്സ്റൂമുകളും കേരളത്തിൻറെ മാത്രം പ്രത്യേകതയാണ്. ഗുണമേൻമ ഉറപ്പാക്കി ദേശീയ, അന്തർദേശീയ തലത്തിലുള്ള പരീക്ഷകൾക്ക് വിദ്യാർഥികളെ പ്രാപ്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നാം ആരംഭിച്ചുകഴിഞ്ഞു. സർക്കാർ ഏറ്റവുമധികം പ്രാമുഖ്യം നൽകുന്ന മേഖലയാണ് പ്രീസ്കൂൾ തലം. പൊതുവിദ്യാഭ്യാസവകുപ്പ് ഒട്ടേറെ കർമ്മ പദ്ധതികൾ ഇക്കാലയളവിൽ നടപ്പാക്കിയിട്ടുമുണ്ട്.

സമഗ്രശിക്ഷ കേരളം ഏറ്റെടുത്ത് നടപ്പാക്കുന്ന വർണ്ണക്കൂടാരം പദ്ധതിയും ഇതിനോടകം ശ്രദ്ധേയമായിട്ടുണ്ട്. പ്രീസ്കൂൾ അധ്യാപകർക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം എല്ലാ വർഷവും നൽകി വരുന്നുണ്ട്. ഈ രംഗത്ത് പ്രവർത്തിക്കുന്ന ആയമാർക്കും ശാസ്ത്രീയമായി പരിശീലനം ലഭ്യമാക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. സ്കോൾകേരള ആരംഭിക്കുന്ന പുതിയ കോഴ്സ് നിലവിൽ സേവനമനുഷ്ഠിക്കുന്ന ആയമാർക്കും ഈ രംഗത്തേക്ക് വരാൻ ആഗ്രഹിക്കുന്നവർക്കും ഒരുപോലെ പ്രയോജനപ്പെടുത്താവുന്നതാണ്. ശിശുപരിപാലക മേഖല കൂടുതൽ കരുത്തുറ്റതാക്കാൻ എല്ലാവരും ഈ കോഴ്സ് പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നതായും മന്ത്രി പറഞ്ഞു.




ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആൻഡ് പ്രീ സ്കൂൾ മാനേജ്മെന്റ് കോഴ്സിന്റെ സംസ്ഥാന തല ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി നിർവഹിക്കുന്നു. ആന്റണി രാജു എം എൽ എ സമീപം

# കേന്ദ്രസർക്കാർ ജീവനക്കാർക്ക് ദീപാവലി സമ്മാനം; ഡിഎ മൂന്ന് ശതമാനം വർധിപ്പിച്ചു

ന്യൂഡൽഹി: ദീപാവലിക്ക് മുന്നോടിയായി കേന്ദ്രസർക്കാർ ജീവനക്കാർക്കുള്ള ക്ഷാമബത്ത (ഡിയർനസ് അലവൻസ്) മൂന്ന് ശതമാനം വർധിപ്പിച്ചു. കേന്ദ്രമന്ത്രിസഭയാണ് ഡിഎ വർധനവിന് അംഗീകാരം നൽകിയത്.നിലവിൽ അടിസ്ഥാന ശന്പളത്തിന്റെ 42 ശതമാനമാണ് ഡിഎ. മൂന്ന് ശതമാനം വർധനവ് പ്രഖ്യാപിച്ചതോടെ ഇത് 45 ശതമാനമായി ഉയർത്തുന്നു, ഇത് രാജ്യത്തുടനീളമുള്ള ദശലക്ഷക്കണക്കിന് ജീവനക്കാർക്ക് പ്രയോജനകരമാണ്. 2024 ജൂലൈ ഒന്ന് മുതലാണ് വർധനവ്.വർഷത്തിൽ രണ്ട് തവണയാണ് കേന്ദ്രസർക്കാർ ജീവനക്കാരുടെ ഡിഎ വർധിപ്പിക്കുന്നത്. ഈ വർഷം ആദ്യം കേന്ദ്ര സർക്കാർ ജീവനക്കാരുടെ ഡിഎ നാല് ശതമാനം വർധിപ്പിച്ചിരുന്നു.

# പാലക്കാട്ടെ സ്ഥാനാർഥിത്വം; പാർട്ടി പുനഃപരിശോധിക്കണമെന്ന് പി.സരിൻ

പാലക്കാട്: പാലക്കാട് രാഹുൽ മാങ്കൂട്ടത്തിലിനെ സ്ഥാനാർഥിയാക്കിയതിൽ അതൃപ്തി പരസ്യമാക്കി കോൺഗ്രസ് നേതാവ് പി.സരിൻ. ഇപ്പോഴത്തെ സ്ഥാനാർഥിയെ തീരുമാനിച്ചത് എങ്ങനെയെന്ന് സരിൻ ചോദിച്ചു.നടന്ന ചർച്ചയൊക്കെ പ്രഹസനമായിരുന്നു. തോന്ന്യവാസമാണ് നേതൃത്വം കാണിക്കുന്നത്. ഇക്കാര്യത്തിൽ പാർട്ടിക്ക് തെറ്റു പറ്റിയെങ്കിൽ തിരുത്തണം. അതിന് ഇനിയും സമയമുണ്ട്. ഇല്ലെങ്കിൽ തോൽക്കുക രാഹുൽ മാങ്കൂട്ടമല്ല, രാഹുൽ ഗാന്ധിയാണെന്ന് സരിൻ പറഞ്ഞു.പാലക്കാട്ട് ഒറ്റയാളുടെ താത്പര്യത്തിന് വേണ്ടി പാർട്ടിയെ ബലികൊടുക്കരുത്. ജനങ്ങളെ വിശ്വാസത്തിലെടുക്കുന്ന സ്ഥാനാർഥി നിർണയമുണ്ടാകണം. സ്ഥാനാർഥിത്വം പുനഃപരിശോധിച്ച് രാഹുൽ തന്നെയാണ് സ്ഥാനാർഥിയെന്ന് പാർട്ടി പറഞ്ഞാൽ പ്രശ്നം തീർന്നു. ജയിലിൽ കിടക്കുന്നത് മാത്രമല്ല ത്യാഗമെന്നും സരിൻ വിമർശിച്ചു.പാർട്ടി തീരുമാനങ്ങളുടെ രീതി മാറി. തിരുത്താൻ തയാറായില്ലെങ്കിൽ തിരിച്ചടി നേരിടും. കോൺഗ്രസിന് ഹരിയാനയിലെ അനുഭവം ഉണ്ടാകും.പാലക്കാട്ടെ യാഥാർഥ്യം നേതാക്കൾ തിരിച്ചറിയണം.ഇക്കാര്യം ചൂണ്ടിക്കാട്ടി കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയ്ക്കും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കും കത്തയച്ചെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ആറ്റിങ്ങൽ ഐടിഐയിൽ ഒഴിവുകൾ

ആറ്റിങ്ങൽ ഗവ. ഐടിഐയിൽ ഒഴിവുള്ള MMTM ട്രേഡിൽ EZ, MU വിഭാഗങ്ങളിൽ നിന്നും CHNM, Wireman എന്നീ ട്രേഡുകളിൽ OC വിഭാഗത്തിൽ നിന്നും നിർദിഷ്ട യോഗ്യതയുള്ള ഉദ്യോഗാർഥികളിൽ നിന്നും ഗസ്റ്റ് ഇൻസ്ട്രക്ടറെ താൽക്കാലികമായി നിയമിക്കുന്നതിനുള്ള അഭിമുഖം ഒക്ടോബർ 22 ന് നടത്തും. MMTM ട്രേഡിൽ രാവിലെ 11 മണിക്കും CHNM, Wireman ട്രേഡുകളിൽ ഉച്ചയ്ക്ക് 2 മണിക്കുമായിരിക്കും അഭിമുഖം. യോഗ്യത സംബന്ധിച്ച വിവരം www.cstaricalcutta.gov.in വെബ്സൈറ്റിൽ ലഭ്യമാണ്. താത്പര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന അസൽ രേഖകളും പകർപ്പുകളുമായി ഐടിഐ ഓഫീസിൽ നേരിട്ട് ഹാജരാകണം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ജൈടെക്സ് ഗ്ലോബൽ 2024 ലെ ഇന്ത്യ സ്റ്റാർട്ടപ്പ് സംഗമത്തിൽ ശ്രദ്ധേയമായി കേരള ഐടി



*ദുബായ് വേൾഡ് ട്രേഡ് സെൻററിൽ നടക്കുന്ന ജൈടെക്സ് ഗ്ലോബൽ 2024ൽ കേരള ഐടി പ്രതിനിധികളുമായി ലണ്ടൻ ആൻഡ് പാർട്ണേഴ്സിലെ ഉദ്യോഗസ്ഥർ കൂടിക്കാഴ്ച നടത്തുന്നു.*

തിരുവനന്തപുരം: ദുബായിൽ നടക്കുന്ന ഏറ്റവും വലിയ അന്താരാഷ്ട്ര ടെക് സ്റ്റാർട്ടപ്പ് സമ്മേളനമായ ജൈടെക്സ് ഗ്ലോബൽ 44ാമത് പതിപ്പിനോടനുബന്ധിച്ച് നടന്ന ഇന്ത്യ സ്റ്റാർട്ടപ്പ് സംഗമത്തിൽ കേരളത്തിലെ ടെക് സ്റ്റാർട്ടപ്പുകളുടെ നൂതന പരിഹാരങ്ങളും ഉൽപ്പന്നങ്ങളും ശ്രദ്ധനേടി.സ്റ്റാർട്ടപ്പ് മിഡിൽ ഈസ്റ്റുമായി സഹകരിച്ച് കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ് യുഎം) സംഘടിപ്പിച്ച പരിപാടിയിൽ ഇന്ത്യൻ ടെക് സ്റ്റാർട്ടപ്പുകളും നിക്ഷേപകരും യുഎഇയിലെ മികച്ച സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റങ്ങളും പങ്കെടുത്തു. കേരളത്തിലെ ഐടി മേഖലയിൽ നിന്നുള്ള എസ്എംഇ കമ്പനികളും യോഗത്തിൽ പങ്കെടുത്തു. ദുബായിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ സതീഷ് കുമാർ ശിവൻ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു.ഇന്ത്യ സ്റ്റാർട്ടപ്പ് സംഗമത്തിൻറെ ഭാഗമായി പാനൽ ചർച്ചയും നടന്നു. ശിവരാജ രാമനാഥൻ (തമിഴ്നാട്), ഗാനിം അൽ ഫലാസി (ദുബായ് സിലിക്കൺ ഒയാസിസ്), റികാന്ത് പിറ്റി (ഈസ് മൈസ് ട്രിപ്പ്), ശിവാംഗി ജെയിൻ (സ്റ്റാർട്ടപ്പ് ഇന്ത്യ), പ്രജീത് പ്രഭാകരൻ (ഐടി ഫെല്ലോ ഹൈ പവർ ഐടി കമ്മിറ്റി, കേരള സർക്കാർ) എന്നിവർ ഇതിൽ പങ്കെടുത്തു.'പവറിംഗ് ഇന്നൊവേഷൻ' എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി സംസ്ഥാനത്തിൻറെ ഐടി ഇക്കോസിസ്റ്റത്തിൻറെ പ്രതിബദ്ധത ഉൾക്കൊള്ളുന്ന 110 ചതുരശ്ര മീറ്റർ കേരള പവലിയൻ ആണ് ജൈടെക്സ്2024 നായി ഒരുക്കിയിട്ടുള്ളത്. സുസ്ഥിര വികസനത്തിനും സാമൂഹിക ഉന്നമനത്തിനുമായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തണമെന്ന ആശയം പവലിയൻ മുന്നോട്ടുവയ്ക്കുന്നു. ലണ്ടൻ ആൻഡ് പാർട്ണേഴ്സിൽ നിന്നുള്ള ഉദ്യോഗസ്ഥർ കേരള ഐടി പവലിയൻ സന്ദർശിക്കുകയും വിവിധ ടെക് മേഖലകളിലെ നിക്ഷേപത്തെക്കുറിച്ചും സാധ്യമായ സഹകരണത്തെക്കുറിച്ചും കേരളത്തിൽ നിന്നുള്ള പ്രതിനിധികളുമായി ചർച്ച നടത്തി.ഒക്ടോബർ 14 മുതൽ 18 വരെ ദുബായ് വേൾഡ് ട്രേഡ് സെൻററിൽ നടക്കുന്ന ജൈടെക്സ് ഗ്ലോബൽ 2024 ലെ പ്രധാന പരിപാടിയായ ദുബായ് ഹാർബറിലെ എക്സ്പാൻഡ് നോർത്ത് സ്റ്റാർ എക്സ്പോയിൽ കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പുകളും പങ്കെടുക്കുന്നുണ്ട്. കേരളത്തിൻറെ ഊർജ്ജസ്വലമായ ഐടി ഇക്കോസിസ്റ്റം പ്രദർശിപ്പിക്കുന്ന ജൈടെക്സിലേക്ക് പോകുന്നതിന് മുമ്പ് കമ്പനികൾ ദുബായിലെ കെഎസ് യുഎമ്മിൻറെ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെൻററിൽ മുന്നൊരുക്ക സെഷൻ സംഘടിപ്പിച്ചിരുന്നു. 2016 മുതൽ ജൈടെക്സ് ഗ്ലോബലിൽ കേരള ഐടിക്ക് സ്ഥിരം സാന്നിധ്യമുണ്ട്. സംസ്ഥാന സർക്കാരിൻറെ ഹൈപവർ ഐടി കമ്മിറ്റിയെ പിന്തുണയ്ക്കുന്ന ഐടി ഫെലോമാരായ വിഷ്ണു വി നായരും പ്രജീത് പ്രഭാകരനും ജൈടെക്സിൽ കേരള ഐടിയെ പ്രതിനിധീകരിക്കുന്നു.ഡാറ്റ അനലിറ്റിക്സ്, സൈബർ സുരക്ഷ, വെബ്സൈറ്റ് വികസനം, ഇആർപി സൊല്യൂഷനുകൾ, മൊബൈൽ ആപ്പ് ഡവലപ്മെൻറ്, ക്ലൗഡ് സേവനങ്ങൾ എന്നിവയുൾപ്പെടെയുള്ള വിവിധ സാങ്കേതിക മേഖലകളെ പ്രതിനിധാനം ചെയ്യുന്ന ഉത്പന്നങ്ങളും മാതൃകകളും കേരളത്തിലെ കമ്പനികൾ ജൈടെക്സിൽ പ്രദർശിപ്പിക്കുന്നുണ്ട്.

വ്യവസായഅക്കാദമിക സഹകരണവും പൊതുസ്വകാര്യ പങ്കാളിത്തവും ഉൾപ്പെടെ വികസനത്തിൻറെ നൂതന മാതൃകയാക്കി പ്രവർത്തിക്കുന്ന സംസ്ഥാന സർക്കാർ ഇതിനൊപ്പം ഐടി ആവാസവ്യവസ്ഥയുടെ അഭിവൃദ്ധിയും ലക്ഷ്യമിടുന്നു. മൂന്ന് ഐടി പാർക്കുകളും (ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്) ജിടെക്കിനൊപ്പം കേരള ഐടി ഇക്കോസിസ്റ്റത്തിലെ ഐടി/ഐടി ഇതര കമ്പനികളെ ജൈടെക്സിൽ പ്രദർശിപ്പിക്കുന്നു.

## മുല്ലപ്പെരിയാർ അണക്കെട്ടിലെ പരിശോധന തമിഴ്നാട് ഉദ്യോഗസ്ഥർ ബഹിഷ്കരിച്ചു

ഇടുക്കി: മുല്ലപ്പെരിയാർ അണക്കെട്ടിലെ അഞ്ചംഗ ഉപസമിതിയുടെ പരിശോധന ബഹിഷ്കരിച്ച് തമിഴ്നാട് ഉദ്യോഗസ്ഥർ. തമിഴ് നാട് പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ ബഹിഷ്കരണത്തെ തുടർന്ന് പരിശോധന നടന്നില്ല.അണക്കെട്ടിൽ അറ്റകുറ്റപ്പണികൾക്കായുള്ള സാധനങ്ങൾ കൊണ്ടുപോകാൻ കേരളം അനുവദിക്കുന്നില്ലെന്ന് ആരോപിച്ചായിരുന്നു നടപടി.

ഏതൊക്കെ ജോലികളാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കണമെന്ന് സംസ്ഥാന ജലവിഭവ വകുപ്പ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ, തമിഴ്നാട് ഇതിന് തയ്യാറാകാതെ വന്നതിനെ തുടർന്നാണ് അനുമതി നിഷേധിച്ചത്.

കേന്ദ്ര ജലകമ്മീഷൻ എക്സിക്യൂട്ടീവ് എൻജിനായർ സതീഷ് കുമാറാണ് ഉപസമിതിയുടെ അധ്യക്ഷൻ.സംസ്ഥാന ജലവിഭവ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ ലെവിൻസ് ബാബു, അസ്സിസ്റ്റൻറ് എൻജിനീയർ കിരൺ, തമിഴ്നാട് പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരായ സാം ഇർവിൻ, കണ്ണൻ എന്നിവരാണ് മറ്റ് അംഗങ്ങൾ.

## സംസ്ഥാനത്ത് രൂക്ഷമായ കടൽക്ഷോഭം; നിരവധി വീടുകളിൽ വെള്ളം കയറി

തിരുവനന്തപുരം: സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കടൽക്ഷോഭം രൂക്ഷമായി തുടരുന്നു. ആലപ്പുഴ തൃക്കുന്നപ്പുഴയിലും അമ്പലപ്പുഴയിലും കടൽക്ഷോഭത്തെ തുടർന്ന് തീരപ്രദേശങ്ങളിലെ നിരവധി വീടുകളിൽ വെള്ളം കയറി. പലയിടത്തും ആളുകളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി.അമ്പലപ്പുഴയിൽ കോമന, പുറക്കാട് കരൂർ, വളഞ്ഞ വഴി, നീർക്കുന്നം, വണ്ടാനം തുടങ്ങിയ പ്രദേശങ്ങളിലാണ് കടൽക്ഷോഭം ശക്തമായത്. അമ്പതിലധികം വീടുകളിൽ വെള്ളം കയറി.

കൊല്ലത്തും കണ്ണൂരിലും ആലപ്പുഴയിലും തീരമേഖലയിൽ ജാഗ്രതാ നിർദേശമുണ്ട്. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ തീരപ്രദേശങ്ങളിൽ ശക്തമായ തിരമാലക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രവും മുന്നറിയിപ്പ് നല്കിയിരിക്കുന്നത്. തീരദേശ മേഖലകളിൽ, പ്രത്യേകിച്ച് താഴ്ന്ന പ്രദേശങ്ങളിൽ, വെള്ളം കയറാനും കടലാക്രമണത്തിനും സാധ്യതയുണ്ട്.

## പി.പി. ദിവ്യക്കെതിരെ മരിച്ച നവീൻ ബാബുവിന്റെ സഹോദരൻ പോലീസിൽ പരാതി നൽകി

കണ്ണൂർ: എഡിഎം നവീൻ ബാബുവിന്റെ മരണത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് അധ്യക്ഷ പി.പി. ദിവ്യക്കെതിരെ നവീൻ ബാബുവിന്റെ സഹോദരൻ പൊലീസിൽ പരാതി നൽകി. പി.പി. ദിവ്യ, നവീൻ ബാബുവിനെ ഭീഷണിപ്പെടുത്തിയെന്നും ജില്ലാ പഞ്ചായത്ത് ദിവ്യക്കെതിരെ ആത്മഹത്യ പ്രേരണക്കുറ്റം ചുമത്തണമെന്നും പ്രവീൺ ബാബുവിന്റെ പരാതിയിൽ ആവശ്യപ്പെടുന്നു.

നവീൻ ബാബുവിന്റെ മരണത്തിൽ ദിവ്യയുടെയും പെട്രോൾ പമ്പിന് അപേക്ഷ നൽകിയ പ്രശാന്തിന്റെയും പങ്ക് അന്വേഷിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. സഹോദരന്റെ മരണത്തിലെ ദുരൂഹത നീങ്ങണമെന്ന് പ്രവീൺ ബാബു പറഞ്ഞു.

അതിനിടെ പ്രവീൺ ബാബുവിന്റെ സംസ്കാരം വ്യാഴാഴ്ചത്തേയ്ക്ക് മാറ്റി. നവീൻ ബാബുവിന്റെ മൃതദേഹം ചൊവ്വാഴ്ച രാത്രിയാണ് ബന്ധുക്കൾക്ക് വിട്ടുനൽകിയത്. ഇന്ന് ഉച്ചയ്ക്ക് ശേഷമേ നാട്ടിലെത്തിക്കാനാവൂ.

കാസർഗോഡ്, കണ്ണൂർ കളക്ടർമാരുടെ സാന്നിധ്യത്തിലാണ് മൃതദേഹം ബന്ധുക്കൾക്ക് വിട്ടു നൽകിയത്. സിപിഎം കണ്ണൂർ ജില്ലാ സെക്രട്ടറി എം.വി ജയരാജൻ, സിപിഎം സംസ്ഥാന കമ്മിറ്റി അംഗം ടി.വി രാജേഷ്, ആർഎസ്എസ് നേതാവ് വത്സൻ തില്ലങ്കേരി തുടങ്ങിയവർ ആശുപത്രിയിലെത്തി അന്തിമോപചാരമർപ്പിച്ചു. എംവി ജയരാജനും ടിവി രാജേഷും മൃതദേഹത്തെ അനുഗമിച്ച് പത്തനംതിട്ടയിലേക്ക് വരുന്നുണ്ട്.

## സരിൻ കോൺഗ്രസ് നേതൃത്വത്തിന് കീഴടങ്ങണം: തിരുവഞ്ചൂർ രാധാകൃഷ്ണൻ

കോട്ടയം: പാലക്കാട് ഉപതെരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥി നിർണയത്തിൽ അതൃപ്തി പ്രകടിപ്പിച്ച പി.സരിനെ തള്ളി കോൺഗ്രസ് നേതാവ് തിരുവഞ്ചൂർ രാധാകൃഷ്ണൻ. സരിൻ കോൺഗ്രസ് നേതൃത്വത്തിന് കീഴടങ്ങണമെന്നും കോൺഗ്രസ് സ്ഥാനാർഥിക്കായി പ്രവർത്തിക്കണമെന്നും തിരുവഞ്ചൂർ പറഞ്ഞു.

'സ്ഥാനാർഥിയുമായി ബന്ധപ്പെട്ട് പാർട്ടിയുടെ തീരുമാനം വന്നു. അതിന് വിധേയപ്പെട്ട് പോകണം എന്നാണ് ആഗ്രഹം. അതിനെ മറികടന്ന് സരിൻ പോകുമെന്ന് കരുതുന്നില്ല. പാർട്ടി തീരുമാനം കാത്തിരുന്നു കാണാമെന്നും തെരഞ്ഞെടുപ്പ് കമ്മിറ്റി അംഗങ്ങളുടെ അഭിപ്രായം കേട്ടാണ് ഹൈക്കമാൻഡിന് ലിസ്റ്റ് കൈമാറിയത്' തിരുവഞ്ചൂർ പറഞ്ഞു.

പാലക്കാട് ഉപതെരഞ്ഞെടുപ്പിൽ രാഹുൽ മാങ്കൂട്ടത്തിലിനെ സ്ഥാനാർഥിയാക്കിയതിലാണ് കെപിസിസി സോഷ്യൽ മീഡിയ സെൽ കൺവീനർ ഡോ. പി സരിൻ അതൃപ്തി പരസ്യമാക്കിയത്. പാർട്ടി കുറച്ച് ആളുടെ ആവശ്യത്തിന് വഴങ്ങരുത്. വഴങ്ങിയാൽ ഹരിയാന ആവർത്തിക്കുമെന്നും സരിൻ വിമർശിച്ചു.

## രാജ്യത്തെ മികച്ച ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 21 ശതമാനവും കേരളത്തിൽ : മന്ത്രി ഡോ. ആർ ബിന്ദു

രാജ്യത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ മികച്ച സ്ഥാപനങ്ങളിൽ 21 ശതമാനവും കേരളത്തിലെ സ്ഥാപനങ്ങളാണെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.ആർ ബിന്ദു. കേരള സർവ്വകലാശാലക്കും മഹാത്മഗാന്ധി സർവ്വകലാശാലക്കും നാക് അക്രഡിറ്റേഷനിൽ എ പ്ലസ് പ്ലസ് നേടാനായി. കാലടി, കുസാറ്റ് സർവ്വകലാശാലകൾക്ക് എ പ്ലസ് ലഭിച്ചു. കൂടാതെ ദേശീയ അന്തർദേശീയ തലങ്ങളിൽ തിളക്കമാർന്ന നേട്ടങ്ങൾ സ്വന്തമാക്കാനായതായും മന്ത്രി പറഞ്ഞു. ഗവ. സംസ്കൃത കോളേജിൽ പുതുതായി നിർമ്മിച്ച അക്കാദമിക് ബ്ലോക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഹബ്ബാക്കി കേരളത്തെ മാറ്റുകയാണ് ലക്ഷ്യം. പ്ലാൻഫണ്ടും കിഫ്ബി, റൂസോ ഫണ്ടുകൾ പ്രയോജനപ്പെടുത്തി രണ്ടായിരം കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാനായി. അക്കാദമിക, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകളുടെ നിർമ്മാണത്തിനും അത്യാധുനിക ലാബുകളുടേയും ലൈബ്രറികളുടേയും രൂപീകരണത്തിനുമാണ് ഭൂരിഭാഗം തുകയും വിനിയോഗിച്ചത്. അടിസ്ഥാന വികസന സൗകര്യങ്ങളുടെ വിപുലീകരണത്തിനൊപ്പം കാലാനുസൃതമായ ഉള്ളടക്ക പരിഷ്കരണത്തിന്റെ ഫലമായാണ് നാല് വർഷത്തെ ബിരുദ പ്രോഗ്രാമുകൾക്ക് തുടക്കമിടാനായതെന്നും മന്ത്രി പറഞ്ഞു.

വിദ്യാർഥികളെ തൊഴിലിനു സജ്ജമാക്കുന്നതിനു പുറമേ അഭിരുചിയുള്ളവരെ ഗവേഷണത്തിലേക്ക് പ്രോത്സാഹിപ്പിക്കുന്നുണ്ട്. പഠനത്തിൽ മിടുക്കരായ 1000 വിദ്യാർത്ഥികൾക്ക് കഴിഞ്ഞ രണ്ടുവർഷമായി മുഖ്യമന്ത്രിയുടെ പ്രതിഭാ പുരസ്കാരം നൽകിവരുന്നുണ്ട്. ഒരു ലക്ഷം രൂപയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പും ലഭ്യമാക്കുന്നുണ്ട്. മികവുറ്റ പൂർവ അധ്യാപകരെയും രാജ്യത്തിനകത്തെയും പുറത്തേയും അക്കാദമിക വിദഗ്ധരേയും ഉൾപ്പെടുത്തി പൊതുവേദികൾ സൃഷ്ടിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

സംസ്കൃത കോളേജ് വളപ്പിലെ പൗരസ്ത്യ ഭാഷാ പഠന കേന്ദ്രത്തിന്റെ നവീകരണത്തിന് വകുപ്പിന്റെ ഭാഗത്തു നിന്നും സാധ്യമായ എല്ലാകാര്യങ്ങളും ചെയ്യും. പൗരാണികത നിലനിർത്തിയുള്ള പ്രവർത്തനത്തിന് എംഎൽഎയേയും ഉൾപ്പെടുത്തി ഇക്കാര്യത്തിൽ തീരുമാനമെടുക്കുമെന്നും മന്ത്രി വ്യക്തമാക്കി.

കേരള സർക്കാർ നടപ്പാക്കിവരുന്ന അടിസ്ഥാന സൗകര്യവികസന പദ്ധതികളുടെ ഭാഗമായി കിഫ്ബി ഫണ്ടുപയോഗിച്ചാണ് ആറു കോടി രൂപ ചെലവിൽ കൈറ്റിന്റെ മേൽനോട്ടത്തിൽ ബ്ലോക്കിന്റെ നിർമാണം പൂർത്തിയാക്കിയത്. മൂന്ന് നിലകളുള്ള പുതിയ അക്കാദമിക് ബ്ലോക്കിൽ 12 ക്ലാസ് റൂമുകളും ഒരു ഹാളും പ്രിൻസിപ്പൽ റൂം, ഓഫീസ് റൂം എന്നിവയാണ് സജ്ജീകരിച്ചിരിക്കുന്നത്. സർക്കാരിന്റെ നാലാം നൂറുദിന പരിപാടിയുടെ ഭാഗമായാണ് നിർമാണം പൂർത്തീകരിച്ചത്.

അഡ്വ. ആന്റണി രാജു എംഎൽഎ അദ്ധ്യക്ഷനായ ചടങ്ങിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സുധീർ കെ, അഡീഷണൽ ഡയറക്ടർ ഡോ.സുനിൽ ജോൺ ജെ, വാർഡ് കൺസിലർ പാളയം രാജൻ, ജനറൽ കൺവീനർ എഎസ് വിവേകാനന്ദൻ, സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം ഡോ.കെ റഹീം, കോളേജ് പ്രിൻസിപ്പൽ ഡോ.അമല വികെ , യൂണിയൻ ചെയർപേഴ്സൺ എബി ജോസ്, പിടിഎ വൈസ് പ്രസിഡന്റ് ദിനേശ് കുമാർ, പൂർവ വിദ്യാർഥി സംഘടനാ സെക്രട്ടറി അഡ്വ. അരുൺ എസ് തുടങ്ങിയവർ സംബന്ധിച്ചു.




ഗവ.സംസ്കൃത കോളേജിൽ പുതുതായി നിർമ്മിച്ച അക്കാദമിക് ബ്ലോക്കിന്റെ ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു നിർവഹിക്കുന്നു

## ആടു വസന്ത നിർമാർജന യജ്ഞം തുടങ്ങി കുത്തിവയ്പ്പ് നാളെ മുതൽ രണ്ടാഴ്ചക്കാലം

കൊല്ലം: ആടുകളിൽ മാരകമായ വസന്ത രോഗ നിർമാർജനത്തിനെതിരെ കുത്തിവയ്പ്പ് യജ്ഞം നടത്താൻ മൃഗസംരക്ഷണ വകുപ്പ് ഒരുങ്ങുന്നു. ഒക്ടോബർ 18 മുതൽ രണ്ടാഴ്ച കാലമാണ് കുത്തിവയ്പ്പ് . കാറ്റിലൂടെ പടരുന്ന മാരകമായ 'രോഗമായ ആടുവസന്ത പ്രതിരോധ കുത്തിവയ്പിലൂടെ മാത്രമേ നിയന്ത്രിക്കുവാൻ കഴിയൂ.

കൊല്ലത്ത് 1,24,324 ആടുകളും 10 ഓളം ചെമ്മരിയാടുകളും ഉണ്ട്. 4 മാസത്തിന് മുകളിൽ പ്രായമുള്ള ആടുകൾക്കും ചെമ്മരിയാടുകൾക്കുമാണ് കുത്തിവയ്പ്. വാക്സിനേഷനായി 166 സ്ക്വാഡുകൾ കൊല്ലത്ത് രൂപീകരിച്ചിട്ടുണ്ട്. വീട് വിടാന്തരം കയറിയിറങ്ങിയുള്ള കുത്തിവയ്പ്പ് പൂർണമായും സൗജന്യമാണ്.

കൊടിയം മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നടന്ന ചടങ്ങിൽ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രേഖ ചന്ദ്രൻ യജ്ഞം ഉദ്ഘാടനം ചെയ്തു. സെപ്യൂട്ടി ഡയറക്ടർ ഡോ. അജിത് എ.എൽ അധ്യക്ഷനായി. ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. ഡി.ഷൈൻകുമാർ, അസി പ്രോജക്ട് ഓഫീസർമാരായ ഡോ. എസ്. ദിപ്തി, ഡോ. വിനോദ് ചെറിയാൻ, ഡോ. മോളി വർഗീസ്, ഡോ. കെ.ജി. പ്രദീപ്, ഡോ. ഹരിഷ്മ ബാബു, ഡോ. ആര്യ സുലോചനൻ, ഡോ.സോജ എന്നിവർ സംസാരിച്ചു.



## റേഷൻ കാർഡ് മസ്റ്ററിംഗ്; സമയപരിധി 25 വരെ

കൊല്ലം: റേഷൻ കാർഡ് മസ്റ്ററിംഗ് ചെയ്യാനുള്ള സമയപരിധി ഒക്ടോബർ 25 വരെയുണ്ടാകും. റേഷൻ ഗുണഭോക്താക്കളുടെ ഇ കെവൈസി അപ്ഡേഷൻ നടത്തുന്നതിന്റെ ഭാഗമായി എഎവൈ(മഞ്ഞ), പിഎച്ച്എച്ച്(പിങ്ക്) റേഷൻ കാർഡുകളിൽ ഉൾപ്പെട്ട എല്ലാ അംഗങ്ങളും റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവയുമായി റേഷൻ കടകളിൽ എത്തി ഇപോസ് മെഷീൻ വഴി ആധാർ അപ്ഡേഷൻ നടത്തണം. കിടപ്പു രോഗികൾ, ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർ എന്നിവരുടെ പേര് വിവരങ്ങൾ റേഷൻ കട ഉടമയെ അറിയിച്ചാൽ വീട്ടിലെത്തി മസ്റ്ററിംഗ് ചെയ്യും.